81/2/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
20/10/2020

## സർക്കുലർ

ഹയർ സെക്കണ്ടറി എൻഎസ്എസ് യൂണിറ്റുകളുടെ എൻറോൾമെന്റ് 2020 നവംബർ മാസം 8-ാം തീയതിയ്ക്ക് മുൻപായി പൂർത്തീകരിച്ച് ലിസ്റ്റിന്റെ ഒരു കോപ്പി പിഎസി അംഗങ്ങൾക്ക് നൽകേണ്ടതാണ്. എൻറോൾമെന്റിനായി ലഭ്യമാക്കിയിരിക്കുന്ന ലിങ്കിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളുടെ ലിസ്റ്റ് 21/10/2020 ന് മുമ്പ് യൂണിറ്റിന് ലഭ്യമാക്കുന്നതാണ്. ഓൺലൈൻ എൻട്രിക്കുള്ള ലിസ്റ്റ് ഒക്ടോബർ മാസം 30-ാം തീയതി വരെ ലഭ്യമാകുന്നതാണ്. പ്രവേശനം പൂർത്തിയായ വിദ്യാലയങ്ങളിൽ എൻറോൾമെന്റ് പ്രവർത്തനം മുൻസർക്കുലറുകൾ അനുസരിച്ച് പൂർത്തീകരിക്കേണ്ടതാണ്. പ്രവേശനം പൂർത്തിയാകാത്ത സ്കൂളുകളിൽ തീയതിയിൽ ലഭ്യമായ ഇളവുകൾ പ്രയോജനപ്പെടുത്തി എൻഎസ്എസിൽ ചേരാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പരമാവധി അവസരം ലഭ്യമാക്കേണ്ടതാണ്. പിഎസി അംഗങ്ങൾ യൂണിറ്റുകളിൽ നിന്നും ലഭിക്കുന്ന എൻറോൾമെന്റ് ക്രോഡീകരിച്ച് ജില്ലാ കൺവീനർമാർക്ക് നൽകേണ്ടതാണ്. ജില്ലാതലത്തിൽ ക്രോഡീകരിച്ച എൻറോൾമെന്റ് ലിസ്റ്റ് നവംബർ 13 ന് മുൻപായി എൻഎസ്എസ് സെല്ലിൽ ലഭ്യമാക്കേണ്ടതാണ്.

സ്വാശ്രയ എൻഎസ്എസ് യൂണിറ്റുകൾ എൻറോൾമെന്റ് പ്രക്രിയ പൂർത്തിയാകുന്ന മുറയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് ഫണ്ടായ **3000 രൂപ** പ്രോഗ്രാം കോ ഓഡിനേറ്റർ, നാഷണൽ സർവ്വീസ് സ്കീം, ഹയർ സെക്കണ്ടറി വിദ്യാഭ്യാസം,തിരുവന

ന്തപുരം  (എസ്ബിടി തിരുവനന്തപുരം മെയിൻ ബ്രാഞ്ചിൽ മാറാവുന്നത്)എന്ന പേരിൽ ഡിഡി ആയി എൻറോൾമെന്റ് ലിസ്റ്റിനോടൊപ്പം പിഎസി അംഗങ്ങൾക്ക് നൽകേണ്ടതാണ്.  ഡിഡിയുടെ പുറകുവശത്ത് സ്കൂളിന്റെ പേര്, ജില്ല എന്നിവ വ്യക്തമായി രേഖപ്പെടുത്തണം.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ